# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -5561 25.10.2011 ൽ മറുപടിക്ക്**

**<u>നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെട്ട നേമം നിയോജകമണ്ഡലത്തിലെ പുതിയ പദ്ധതികൾ</u>**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശിവൻകുട്ടി | | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (മരാമത്തുവകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിൽ എന്തെങ്കിലും പുതിയ പദ്ധതികൾ ആരംഭിക്കുകയോ നടപ്പിലാക്കുകയോ ചെയ്തിട്ടുണ്ടോ ; | (എ) | പൊതുമരാമത്ത് വകുപ്പ് നാഷണൽ ഹൈവേ വിഭാഗത്തിന്റെ കീഴിൽ ഈ സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കരമന- കളിയിക്കാവിള റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി നേമം നിയോജക മണ്ഡലത്തിലും ഉൾപ്പെടുന്നതാണ്. |
| (ബി) എങ്കിൽ അവയുടെ സാമ്പത്തിക-ഭൗതിക വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ബി) | കരമന-കളിയിക്കാവിള റോഡ് നാലുവരിയായി വികസിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടമായി കരമന മുതൽ വഴിമുക്കുവരെയുള്ള 12 കി.മീ. ദൂരം സ്ഥലമേറ്റെടുക്കുന്നതിനായി പ്രധാനപ്പെട്ട ജംഗ്ഷനുകളൊഴികെയുള്ള സ്ഥലങ്ങളിൽ കല്ല് സ്ഥാപിച്ചു കഴിഞ്ഞു. ജംഗ്ഷനുകളുൾപ്പെടെയുള്ള സ്ഥലങ്ങളിൽ കല്ല് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ